16/08/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/08/2025

1. കർഷകദിനാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം, നാളെ 1201 ചിങ്ങം 1 ന് (2025, ആഗസ്റ്റ് 17, ഞായർ) തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുകയാണ്. രാവിലെ 8.30 ന് ഘോഷയാത്രയോടുകൂടി ആരംഭിക്കുന്ന പരിപാടിയിൽ 'കേര' പദ്ധതിയെ കുറിച്ചുള്ള സെമിനാറും ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്തെ മികച്ച കർഷകരെ ആദരിക്കുന്ന ചടങ്ങും 2024 വർഷത്തെ സംസ്ഥാന കർഷക അവാർഡ് വിതരണവും ഇതേ വേദിയിൽ മുഖ്യമന്ത്രി നിർവഹിക്കുന്നു. പ്രസ്തുത ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിക്കും. മന്ത്രിമാർ, മേയർ, എംപി മാർ, എംഎൽഎ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ്, മറ്റു ജനപ്രതിനിധികൾ, കർഷകർ, കർഷക തൊഴിലാളികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നു.

2. കർഷക കടാശ്വാസ കമ്മീഷൻ 2025 ആഗസ്റ്റ് മാസത്തിൽ വയനാട് ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തും. കൽപ്പറ്റ സിവിൽ സ്റ്റേഷനിലുള്ള എ പി ജെ അബ്ദുൾ കലാം മെമ്മോറിയൽ ഹാളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആഗസ്റ്റ് 20, 21, 22 തീയതികളിലാണ് സിറ്റിംഗ് നടത്തുന്നത്. സിറ്റിംഗിൽ ബഹു. ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. അന്നേ ദിവസങ്ങളിൽ രാവിലെ 9 മണിക്ക് സിറ്റിംഗ് ആരംഭിക്കുന്നതാണ്. പ്രസ്തുത തീയതികളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

3. കാവ് സംരക്ഷിക്കാൻ ധനസഹായം അപേക്ഷ തീയതി നീട്ടി. 2025-26 വർഷത്തില് ജില്ലയിലെ കാവുകൾ സംരക്ഷിക്കുവാൻ വനം-വന്യജീവി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു. തൽപരരായ വ്യക്തികൾ, ദേവസ്വം ബോർഡ്, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം ലഭിക്കുന്നത്. താത്പര്യമുള്ളവവർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതമുള്ള അപേക്ഷ അസിസ്റ്റന്റ് ഫോറസ്റ്റ്

കൺസർവേറ്റര്, സാമൂഹ്യ വനവൽക്കരണ വിഭാഗം, മലപ്പുറം എന്ന വിലാസത്തിൽ അപേക്ഷിക്കണം. മുൻ വർഷങ്ങളില് ധനസഹായം ലഭിച്ച കാവുകളുടെ അപേക്ഷ പരിഗണിക്കില്ല. അപേക്ഷാ ഫോം വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റില് നിന്നോ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷണൽ ഓഫീസിൽ നിന്നോ ലഭിയ്ക്കും. ഫോൺ: 0483 2734803, 8547603857, 8547603864.

<u>പരിശീലന പരിപാടി</u>

4. കക്കാട് റോഡിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ കേന്ദ്രത്തിൽ ആഗസ്റ്റ് 19, 20 തീയതികളിൽ രാവിലെ 10.15 മുതൽ വൈകീട്ട് അഞ്ച് മണിവരെ മുട്ടക്കോഴി വളർത്തലിൽ പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ ആഗസ്റ്റ് 18 ന് വൈകീട്ട് നാലിനകം പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. ഫോൺ: 0497 2763473

5. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് ഓഗസ്റ്റ് 18 മുതൽ 22 വരെ ശാസ്ത്രീയ പശു പരിപാലനം എന്ന വിഷയത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അഞ്ചുദിവസത്തെ പരിശീലനം നടത്തും. താത്പര്യമുള്ളവർ ഓഗസ്റ്റ് 18ന് രാവിലെ 10ന് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിലെത്തി രജിസ്ട്രേഷൻ നടത്തണം. വിശദവിവരത്തിന് ഫോൺ: 04812302223, 9446533317.

6. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഓഗസ്റ്റ് മാസം 21, 22 തീയതികളിൽ 10 പശുക്കളിൽ കൂടുതൽ പശു വളർത്തുന്ന കർഷകർക്കും, നവീന സംരംഭകർക്കുമായി "ക്ഷീര സംരംഭകർക്കുള്ള പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഓഗസ്റ്റ് 20-ാം തീയതി വൈകുന്നേരം 5

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം. 695004. Email ID:principaldtctvm@gmail.com

7. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, ഗുണമേന്മ നിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണം എന്നിവയിലുള്ള പരിശീലനം ആഗസ്റ്റ് 25 മുതൽ 29 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിലോ 0481 2353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. Email:training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പാക്കേജ്ഡ് ഫ്രഷ് കട്ട് ഫ്രൂട്ട്സ് & വെജിറ്റബിൾസ് (മിനിമൽ പ്രോസസ്സിംഗ്) നിർമ്മാണ രീതികൾ" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 19 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

<u>മൃഗസംരക്ഷണ നിർദേശം</u>

1. മൃഗസംരക്ഷണം- കോഴിക്കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങിനിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന് കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം.